പതിമൂന്നാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 365 10/06/2014-ൽ മറുപടിക്ക്

# കെ.എസ്.ഇ.ബി. കണക്ഷനുള്ള പുതിയ നിബന്ധനകൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. മോൻസ് ജോസഫ് | ശ്രീ. ആര്യാടൻ മുഹമ്മദ്<br>(ഊർജ്ജ വകുപ്പ് മന്ത്രി) |

| ചോദ്യം | ഉത്തരം |
|---|---|
| (എ) സംസ്ഥാനത്ത് വൈദ്യുതി കണക്ഷൻ നൽകുന്നതിന് സർക്കാർ പുതുതായി നൽകിയിട്ടുള്ള നിബന്ധനകൾ വ്യക്തമാക്കുമോ; | (എ) സംസ്ഥാനത്ത് വൈദ്യുതി കണക്ഷൻ നൽകുന്നതിന് വൈദ്യുതി റഗുലേറ്ററി കമ്മീഷൻ പുതുക്കിയ കേരള ഇലക്ട്രിസിറ്റി സപ്ലൈകോഡ്, 2014, 01.04.2014 -ൽ നിലവിൽ വന്നു. പ്രസ്തുത സപ്ലൈകോഡിലെ നിബന്ധനകളാണ് വൈദ്യുതി ബോർഡ് പുതിയ കണക്ഷൻ നൽകുന്നതിന് അവലംബിച്ചു വരുന്നത്. പ്രസ്തുത കോഡിന്റെ പകർപ്പ് അനുബന്ധമായി -1 ൽ ചേർക്കുന്നു. |
| (ബി) ഈ വർഷം പുതിയ കണക്ഷന് പൊതുജനങ്ങൾ അടയ്ക്കേണ്ട ഫീസ് വർദ്ധന ഏതൊക്കെ ഇനത്തിനാണെന്ന് വ്യക്തമാക്കുമോ; | (ബി) സിംഗിൾ ഫേസ് വെതർപ്രൂഫ് സർവ്വീസ് കണക്ഷനുകൾക്കും (5KW വരെ) പോസ്റ്റ് ആവശ്യമായി വരുന്ന എല്ലാ സിംഗിൾ ഫേസ്, ത്രീഫേസ് കണക്ഷനുകൾക്കും, സപ്പോർട്ട് പോൾആവശ്യമായി വരുന്ന വെതർ പ്രൂഫ് കണക്ഷനുകൾക്കും എസ്റ്റിമേറ്റ് തുകയിൽ വർദ്ധനവ് ഉണ്ടായിട്ടുണ്ട്. റെഗുലേറ്ററി കമ്മീഷൻ അപ്രൂവ് |

(.... 2)

ചെയ്ത കോസ്റ്റ് ഡാറ്റയുടെ കോപ്പി അനുബന്ധം-II ആയി ചേർക്കുന്നു.

(സി) കൺസ്ട്രക്ഷൻ ആവശ്യത്തിനായി എടുത്ത കണക്ഷൻ ഡൊമസ്റ്റിക് ആക്കി മാറ്റുന്നതിനുള്ള നടപടി ക്രമങ്ങളിൽ ഉള്ള കാലതാമസം ഇല്ലാതാക്കാൻ നടപടി സ്വീകരിക്കുമോ ;

(ഡി) എത്ര ദിവസത്തിനകം കണക്ഷൻ മാറ്റി നല്കും എന്ന് വ്യക്തമാക്കുമോ;

(സി)&(ഡി) പുതിയ സപ്ലൈ കോഡ്, മെയ് 2014-ൽ പ്രയോഗത്തിൽ വന്നതു മുതൽ ഫീൽഡിൽ നിലനിന്ന ചെറിയ അവ്യക്തത നിമിത്തം കൺസ്ട്രക്ഷൻ ആവശ്യത്തിനായി എടുത്ത ചില കണക്ഷനുകൾ ഡൊമസ്റ്റിക് ആക്കി മാറ്റുന്നതിന് കാലതാമസം വന്നിട്ടുണ്ട്. താരിഫ് മാറ്റം അനുബന്ധ രേഖകൾ ഹാജരാക്കുന്ന പക്ഷം കേരളാ സ്റ്റേറ്റ് ഇലക്ട്രിസിറ്റി റഗുലേറ്ററി കമ്മിഷൻ അംഗീകൃത standards of performance regulations അനുസരിച്ച് സമയബന്ധിതമായി (14 ദിവസങ്ങൾക്കുള്ളിൽ) ഇപ്പോൾ നൽകി വരുന്നുണ്ട്.

(ഇ) തിരുവനന്തപുരം ജില്ലയിൽ ശ്രീകാര്യം സെക്ഷനുകീഴിൽ എത്ര കണക്ഷനുകൾ ഡൊമസ്റ്റിക് ആക്കി മാറ്റുന്നതിന് പെൻഡിംഗ് ഉണ്ട് എന്ന് വ്യക്തമാക്കുമോ?

(ഇ) 3 കണക്ഷനുകൾ ഡൊമസ്റ്റിക് ആക്കി മാറ്റുന്നതിന് പെൻഡിംഗ് ഉണ്ട്.

സെക്ഷൻ ഓഫീസർ.

അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്